# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5008 — 23.03.2018 ന് മറുപടിയ്ക്ക്.

## ഏറനാട് മണ്ഡലത്തിൽ വന്യജീവിയാക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തവരുടെ കുടുംബാംഗങ്ങൾക്ക് ആനുകൂല്യങ്ങളും നഷ്ടപരിഹാര തുകകളും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ 2 പേർക്ക് നഷ്ടപരിഹാരമായി 1,16,650/- രൂപ നല്കിയിട്ടുണ്ട്. |
| (ബി) മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിയ്ക്കും വീടുകൾക്കും മനുഷ്യ ജീവനും നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) ഏറനാട് നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിയ്ക്കും വീടുകൾക്കും മനുഷ്യജീവനും നഷ്ടം സംഭവിക്കുന്നത് ലഘൂകരിക്കുന്നതിനായി സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ